LIBRARY ARCHIVES Kerala Legislative Assembly

വിവിധ മേഖലയിലുള്ളവർക്ക് ക്ഷേമ പദ്ധതികൾ

11(5162) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ്മൂലം പ്രയാസമനുഭവിക്കുന്ന വിവിധ മേഖലയിലുള്ളവർക്ക് സംസ്ഥാന സർക്കാർ എന്തെങ്കിലും സഹായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് കോവിഡുമൂലം വിവിധ മേഖലയിൽ പ്രയാസമനുഭവിക്കുന്നവർക്ക് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സഹായപദ്ധതികൾ അനുബന്ധമായി ചുവടെ ചേർക്കുന്നു.*

കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര-സംസ്ഥാന വിഹിതം

12(5163) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രവിഹിതം കുറയ്ക്കുകയും സംസ്ഥാനവിഹിതം വർദ്ധിപ്പിക്കുകയും ചെയ്ത പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാനത്തിന് ഈ ഇനത്തിൽ വന്ന അധികബാദ്ധ്യതയുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം, കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റുപദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തികബാദ്ധ്യത വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനുശേഷം മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയുംകുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.